# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6884 13.7.2012-ൽ മറുപടിയ്ക്ക്

## മഴവെള്ള സംഭരണ യൂണിറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | പി.ജെ ജോസഫ് (ജലവിഭവ വകുപ്പ മന്ത്രി) |
| (എ) മഴ വെള്ളം സംഭരി ക്കു ന്ന തിന് ജലവിഭവ വകുപ്പ് നട പ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വ്യക്തമാ ക്കുമോ ; | (എ) കേരള വാട്ടർ അതോറിറ്റിയിൽ 2011-ൽ നടന്ന എസ്.എൽ.എസ്.എസ്.സിയിൽ 1500 ഡബിൾ ഫാമിലി യൂണിറ്റുകൾക്ക് 540 ലക്ഷം രൂപയ്ക്ക് മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭിച്ചു. ഈ പദ്ധതികളുടെ പണികൾ ആരംഭിക്കുന്ന തിനുള്ള നടപടികൾ എടുത്തു വരുന്നു.<br><br>കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡവലപ്പ്മെന്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ മഴവെള്ള സംഭരണ, ഭൂജലവർദ്ധന പരിപാടികൾക്കുള്ള പ്രചാരണ പ്രവർത്ത നവും പരിശീലനവും നല്കിവരുന്നു. കൂടാതെ ജലനിധി രണ്ടാം ഘട്ടപദ്ധതി നടപ്പാക്കുന്ന പഞ്ചായത്തുകളിൽ കുഴൽകിണറുകളോ, സാധാരണ കിണറുകളോ, മറ്റേതെങ്കിലും തരത്തിൽ കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥല ങ്ങളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്ന തിനായുള്ള പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി 10%വും പഞ്ചായത്ത് വിഹിതമായി 15%വും 75% സർക്കാർ |

| | | | |
|---|---|---|---|
| | | | വിഹിതവുമായി നിജപ്പെടുത്തിയിരിക്കുന്നു. കൂടാതെ കേരള ഗ്രാമീണ ശുദ്ധജല ശുചിത്വ ഏജൻസിയുടെ ഭാഗമായ മഴകേന്ദ്രം വഴിയുള്ള പ്രവർത്തനങ്ങൾക്ക് 2012-13 വർഷത്തിലെ ബഡ്ജറ്റിൽ 12.02 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 18 കോടി ആകെ ചെലവ് പ്രതീക്ഷിക്കുന്ന വിവിധ പ്രവർത്തനങ്ങളടങ്ങുന്ന (മഴവെള്ള സംഭരണികളുടെ നിർമ്മാണം, ബോധവൽക്കരണം, പ്രചരണ പരിപാടികൾ) ഒരു പദ്ധതി പരിഗണനയിലാണ്. |
| (ബി) | മഴവെള്ളം സംഭരിക്കുന്നതിന് വീടുകൾ കേന്ദ്രീകരിച്ച് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | (ബി) & (സി) | കേന്ദ്ര ഗവൺമെന്റിന്റെ മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതി 2002 മുതൽ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതി രണ്ട് കുടുംബങ്ങൾക്കെങ്കിലും പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് വിഭാവനം ചെയ്യുന്നത്. |
| (സി) | എങ്കിൽ, ഈ പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ